ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഫൺര്ൻ-ൽ കുത്തകപ്പാട്ടം ഇനത്തിൽ

ആകെ വരവ് ൩,൨൦,൩൨൭ രൂപാ.

ഫൺ൫൦-ൽ പ്രതീക്ഷിക്കുന്ന വരവ് ൪,൩൫, ൨൨൫ ,,

(ബി) ൪൫ ൩ ശതമാനം.

കുടിക്കാൻ ശുദ്ധജലം

*൩൫൪. (ഫര) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

അമ്പലപ്പുഴ താലൂക്കിൽ ആലപ്പുഴ കഴിച്ചുള്ള തീരപ്രദേശങ്ങളിലും, കുട്ടനാടൻ പ്രദേശങ്ങളിലും ശുദ്ധജലം കിട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന കാണിച്ച് ഗവണ്മെണ്ടിലേക്ക് നിവേദനം കിട്ടിയിട്ടുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ): ഉണ്ട്. ഇപ്പോഴുള്ള ഉപകരണങ്ങൾ ഉപയോഗിച്ച് കഴൽകിണറുകൾ കഴിക്കുന്നുണ്ട്. കൂടുതൽ ഉപകരണങ്ങൾ വരുത്തുന്നതിന് ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. അവ വന്നുചേരുന്നതോടുകൂടി കൂടുതൽ കിണറുകൾ കഴിപ്പിക്കാൻ സാധിക്കും.

ശ്രീമതി ദേവകി ഗോപിദാസ്: പുന്നപ്ര വാട്ടർ വർക്സിനു സമീപത്തുള്ള ആളുകൾക്കുപോലും ശുദ്ധജലം കിട്ടുന്നില്ലെന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ: അവിടെ മാത്രമല്ല, മറ്റു പലസ്ഥലങ്ങളിലും ശുദ്ധജലം കിട്ടാതെയുണ്ട്.

ശ്രീമതി ദേവകി ഗോപിദാസ്: പുന്നപ്ര വാട്ടർ വർക്സിന്റെ ഏറ്റവും അടുത്ത സ്ഥലങ്ങളിൽ, അതായത് അവിടെനിന്നും ഒരു പൈപ്പുമാത്രം കണക്ടുചെയ്താൽ വെള്ളം കൊടുക്കാൻ സാധിക്കുന്ന പ്രദേശങ്ങളിൽ ശുദ്ധജലം കിട്ടാതെ ആളുകൾ വിഷമിക്കുന്നുണ്ട്. അവർക്ക് അതു ചെയ്തുകൊടുക്കുന്നതിനു ദയവുണ്ടാകുമോ?

ശ്രീ. എ. ജെ. ജാൺ: അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. വി. കെ. പാപ്പുപിള്ള: കഴൽകിണറുകൾ കഴിക്കുന്നതിനുള്ള എത്ര മെഷ്യനറികൾ ഇപ്പോൾ ഗവണ്മെണ്ടിന്റെ കൈവശമുണ്ട്.

ശ്രീ. എ. ജെ. ജാൺ: ഇപ്പോൾ ഒരെണ്ണമേയുള്ളൂ. വേറെ ഒന്നുകൂടി വരുത്തുന്നതിന് ഏർപ്പാടുചെയ്തിട്ടുണ്ട്. ഇസ്രയേലിൽനിന്നും വന്നിട്ടുള്ള ഡബ്ളിയു. എച്ച്. ഓ.യിലെ മി. കാട്ടർ എന്ന ഒരു വിദഗ്ദ്ധനെക്കൊണ്ട് കുട്ടനാടൻ പ്രദേശങ്ങൾ പരിശോധിപ്പിച്ചതിന്റെ ഫലമായി കുറഞ്ഞ ചിലവിൽ കഴൽകിണറുകൾ കഴിക്കാനുള്ള സാദ്ധ്യതകളുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന മെഷ്യനറിക്ക് ൫൦,൦൦൦ രൂപാ വിലയുണ്ട്. എന്നാൽ ൨൦,൦൦൦ രൂപാ മാത്രം വിലയുള്ള മറ്റൊരുതരം മെഷ്യനറികൊണ്ട് ആ പ്രദേശങ്ങളിൽ കുറഞ്ഞ ചെലവിൽ കിണറുകൾ കഴിപ്പിക്കാൻ സാധിക്കുമെന്നാണ് ആ വിദഗ്ദ്ധൻ അഭിപ്രായപ്പെട്ടിരിക്കുന്നത്. അതനുസരിച്ച് മെഷ്യനറി വരുത്തുന്നതിന് ഏർപ്പാടുചെയ്തിട്ടുണ്ട്.

ശ്രീ. കണ്ണാറ ഗോപാലകൃഷ്ണൻ: കുട്ടനാടൻ പ്രദേശങ്ങളിൽ എത്ര കിണറുകൾ കഴിപ്പിച്ചിട്ടുണ്ടെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ: ഒരു കിണറേ കഴിപ്പിച്ചുള്ളൂ. അതു ൪൫ അടി താഴ്ത്തിയിട്ടും വെള്ളം കിട്ടിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഏതെങ്കിലും വിദഗ്ദ്ധാഭിപ്രായമനുസരിച്ചാണോ ആ കിണറു കുഴിച്ചതു്?

ശ്രീ. എ. ജെ. ജാൺ: എഞ്ചിനീയർ-ലോ, എക്സിക്യൂട്ടീവ് എഞ്ചിനീയർ-ലോ ആണു് ആ കിണറു കുഴിച്ചതു്. അതു ശരിയാകാത്തതുകൊണ്ടാണു് വിദഗ്ദ്ധനെകൊണ്ടു പരിശോധിപ്പിച്ചതു്.

ശ്രീ. എം. ഐ. പാഠം: നായരമ്പലം എന്ന സ്ഥലത്തു് ഒരു കിണറു കുഴിപ്പിച്ചുവരുന്നതായി അറിവുണ്ടോ?

ശ്രീ. എ. ജെ. ജാൺ: എനിക്കറിവില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുകൊണ്ടു് ഉണ്ടെന്നു വിശ്വസിക്കുന്നു.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഒരു കുഴൽ കിണർ ഉണ്ടാക്കുന്നതിനു് എന്തു ചെലവു വരുമെന്നു കണക്കാക്കിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അതു കിണറിന്റെ സ്വഭാവമനുസരിച്ചു വ്യത്യാസപ്പെട്ടിരിക്കും. മൂവായിരം, അയ്യായിരം, എണ്ണായിരം എന്നിങ്ങനെ പലതരത്തിൽ സാധാരണ ചെലവുവരും.

ശ്രീ. ഗാസ്പർ ഡിസിൽവാ: ശുദ്ധജലം ഇല്ലാത്ത സ്ഥലങ്ങളിലെല്ലാം ശുദ്ധജലം കൊടുക്കാൻ ഗവൺമെണ്ടു് ഏർപ്പാടുചെയ്യുമോ?

ശ്രീ. എ. ജെ. ജാൺ: എല്ലാസ്ഥലത്തും ശുദ്ധജലം കൊടുക്കണമെന്നതന്നെയാണു് ഗവൺമെണ്ടിന്റെ ആഗ്രഹം. പക്ഷെ എല്ലാസ്ഥലങ്ങളിലും ഉടനെതന്നെ കിണറുകൾ കുഴിപ്പിക്കാൻ ഗവൺമെണ്ടിനു സാദ്ധ്യമല്ല. ഒരു പദ്ധതി തയ്യാറാക്കി അതനുസരിച്ചു ക്രമമായി പ്രവർത്തിക്കുവാനേ ഗവൺമെണ്ടിനു സാധിക്കൂ.

കുഴൽക്കിണറുകൾ

*൯൨൩. (൧൪) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കുഴൽക്കിണറുകൾമൂലം ശുദ്ധജലം വിതരണംചെയ്യുന്നതിനുള്ള ഒരു പദ്ധതി ഗവൺമെണ്ടിനുണ്ടോ;

(ബി) അതു നടപ്പിലാക്കുന്നതിനു വല്ല ആലോചനയും നടത്തിയിട്ടുണ്ടോ;

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ടു്.

(ബി) ആലപ്പുഴയിലുള്ള കുഴൽക്കിണറിനു പുറമേ അയിരംതെങ്ങു്, വള്ളിക്കാവു്, അമ്പലംകടവു്, തുക്കുന്നപ്പുഴ, തോട്ടപ്പള്ളി ഈ സ്ഥലങ്ങളിൽ ഗവൺമെണ്ടു കുഴൽക്കിണർ വീതം കുഴിച്ചിട്ടുണ്ടു്. കാർത്തികപ്പള്ളി താലൂക്കിൽ കൊണ്ടലൂർ എന്ന സ്ഥലത്തു കുഴൽക്കിണറിന്റെ പണി നടന്നുവരുന്നു. കൂടുതൽ കുഴൽക്കിണറുകൾ ഉണ്ടാക്കുന്നതിനു് ആവശ്യമായ സാമഗ്രികൾ വരുത്തുവാൻ ഏർപ്പാടു ചെയ്തിട്ടുണ്ടു്.

ശ്രീ. എം. ഐ. പാഠം: നായരമ്പലത്തിൽ കുഴിക്കുന്ന കിണറിന്റെ കാര്യം എന്തുകൊണ്ടാണു് ഇക്കൂട്ടത്തിൽ ഉൾപ്പെടുത്തിക്കാണാത്തതു്?

ശ്രീ. എ. ജെ. ജാൺ: അവിടെ കിണറുണ്ടോയെന്നു് എനിക്കറിവില്ല. ഇപ്പോൾ വായിച്ചുകൂട്ടത്തിൽ ആ സ്ഥലം ഇല്ലെന്നു വ്യക്തമാണു്.

LIBRARY ARCHIVES Kerala Legislative Assembly